# മലയാള ഭാഷാ സംസ്കാരം

## പുതുതലമുറ അമേരിക്കൻ മലയാളികളും സാംസ്കാരിക പ്രചാരണ സാധ്യതകളും

- **അവതരണം**

**ഡോ. വി പി ജോയ് ഐഎഎസ്**, ബഹു. ചീഫ് സെക്രട്ടറി

ഭാഷ സംസ്കാരത്തിന്റെയും ചരിത്രത്തിന്റെയും അറിവടയാളമാണ്. സാമൂഹികശ്രേണിയിലെ വക്താവും ശ്രോതാവും തമ്മിലുള്ള ബന്ധം വെളിപ്പെടുന്നത് ഭാഷയിലൂടെയാണ്. ഭാഷയും സംസ്കാരവും തമ്മിലുള്ള ബന്ധം ശബ്ദാർഥങ്ങൾപോലെ അവിഭാജ്യമാണ്. സമൂഹത്തിന്റെ സംസ്കാരമാണ് മനുഷ്യന്റെ ചലനങ്ങളെ നിയന്ത്രിക്കുന്നതെങ്കിലും അവൻ സമൂഹത്തിന്റെ ചലനങ്ങളെ മനുഷ്യനന്മയ്ക്കും പുരോഗതിക്കും വേണ്ടി മാറ്റിയെടുക്കാറുണ്ട്. ഭാഷയിലൂടെ നേടുന്ന വിദ്യാഭ്യാസവും അതിലൂടെ സ്വായത്തമാക്കുന്ന വിജ്ഞാനവും വ്യക്തിയുടെ സാംസ്കാരികോന്നമനത്തിന് കാരണമാകുന്നു. ഈ സാംസ്കാരികോന്നമനമാണ് സാമൂഹികനന്മയ്ക്ക് കാരണമാകുന്നത്. അതുകൊണ്ടാണ് ഭാഷ സംസ്കാരത്തിന്റെ പ്രതിരൂപമാകുന്നത്. അതിനാൽ 'ഒരു ജനതയുടെ ആചാരവിശ്വാസങ്ങൾ, ജീവിതരീതികൾ, ഉല്പാദനോപകരണങ്ങൾ, തൊഴിൽ, ചിന്താശക്തി, കലകൾ തുടങ്ങി ജീവിതത്തോടു ബന്ധപ്പെട്ട എല്ലാവിഷയങ്ങളുടെയും ആകെത്തുകയാണ് സംസ്കാരം' എന്നുപറയാം.

രാഷ്ട്രീയ - സാമ്പത്തിക - സാമൂഹികജീവിതത്തിന്റെ പരിണതഫലമാണ് ഏതു ജനതയുടെയും സംസ്കാരം. അത് മനുഷ്യസമൂഹത്തിന്റെ പ്രാണവായുവാണ്. മലയാളികളിൽ കുറച്ചുപേരെങ്കിലും വിനോദത്തിനും വിജ്ഞാനാർജനത്തിനുമായി ലോകസഞ്ചാരം നടത്തിയിട്ടുണ്ടെങ്കിലും ഭൂരിഭാഗം പേരും ലോകത്തിന്റെ പലഭാഗങ്ങളിലും എത്തിപ്പെട്ടത് ഉപജീവനത്തിന്റെ ഭാഗമായാണ്. മലയാളികൾ ചെന്നെത്താത്ത ലോകഭാഗങ്ങൾ ഇല്ലെന്നുതന്നെ പറയാം. "ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള പ്രവാസികൾ ഹോമിഭാഭയുടെ ഭാഷയിൽ വിട്ടുപോന്നതും എത്തിച്ചേർന്നതുമായ സംസ്കാരങ്ങൾക്കിടയിലെ 'മൂന്നാമിട'ത്തെ നിവാസികൾ ഇല്ലെങ്കിൽ ഇന്നത്തെ കേരളം ഇത്ര സമ്പന്നവും പരിഷ്കൃതവും ആകുമായിരുന്നില്ല.

അവർ നമുക്ക് സമ്പത്ത് മാത്രമല്ല തന്നത്. അവരുടെ അനുഭവങ്ങളുടെ വിസ്തൃതി കൂടിയാണ്. ഇതിനുള്ള കാരണം കേരളത്തിന്റെ സാംസ്കാരിക പാരമ്പര്യവും മലയാള ഭാഷാ സംസ്കാരവും തന്നെയാണ്.

ഒരു ജനതയുടെ സംസ്കാരത്തിന്റെ അടിത്തറ അവരുടെ ഭാഷയാണെന്നത് അംഗീകരിക്കപ്പെട്ട വസ്തുതയാണ്. സമൂഹത്തിന്റെ സാംസ്കാരിക ദൃശ്യങ്ങളും, പെരുമാറ്റ രീതികളുമെല്ലാം തലമുറകളിലേക്കു കൈമാറ്റം ചെയ്യപ്പെടുന്നത് ഭാഷയിലൂടെയാണ്. അതുകൊണ്ടുതന്നെ ഭാഷയുടെ തിരിനാളം അണയാതെ പ്രോജ്ജ്വലിപ്പിക്കേണ്ടത് ഓരോ മലയാളിയുടേയും കടമയാണ്. ഭാഷ നമ്മുടെ അഭിമാനമാണ്. മലയാള ഭാഷ പ്രതിജ്ഞയിൽ എം.ടി രേഖപ്പെടുത്തിയിരിക്കുന്നത് ഇങ്ങനെയാണ് :

*'മലയാളം എന്റെ ഭാഷ*
*എന്റെ ഭാഷ എന്റെ വീടാണ്*
*എന്റെ ആകാശമാണ്*
*ഞാൻ കാണുന്ന നക്ഷത്രമാണ്*
*എന്നെ തഴുകുന്ന കാറ്റാണ്*
*എന്റെ ദാഹം ശമിപ്പിക്കുന്ന കുളിർവെള്ളമാണ്*
*എന്റെ അമ്മയുടെ തലോടലും ശാസനയുമാണ്*
*എതു നാട്ടിലെത്തിയാലും ഞാൻ സ്വപ്നം കാണുന്നത്*
*എന്റെ ഭാഷയിലാണ്*
*എന്റെ ഭാഷ ഞാൻ തന്നെയാണ്.'*

മലയാളിയുടെ സഞ്ചാരപഥത്തിന്റെ തുടക്കം പേർഷ്യയും പൈനാങ്കുമൊക്കെയായിരുന്നു. പിന്നീട് കൂടുതലും ഗൾഫ് രാജ്യങ്ങളിലേക്കായി. തുടർന്ന് മലയാളി എല്ലാ ഭൂഖണ്ഡത്തിലുമെത്തി. പ്രവാസത്തിന്റെ ആദ്യതലമുറയിൽപ്പെട്ടവർക്ക് കേരള ഭാഷയും സാംസ്കാരികാന്തരീക്ഷവും പരിചിതമായിരുന്നെങ്കിലും പിൻതലമുറക്കാർക്ക് അവ അന്യമായിത്തീർന്നു. കേരളത്തിൽ ഇ.കെ.നായനാർ സർക്കാർ പ്രവാസിക്ഷേമത്തിനായി 1996 - ൽ പ്രത്യേക വകുപ്പ് രൂപവൽക്കരിച്ചെങ്കിലും പ്രവാസിമലയാളികളുടെ കുട്ടികളെ മലയാളഭാഷ പഠിപ്പിക്കുന്നതിനും കേരള സംസ്കാരം പരിചയിപ്പിക്കുന്നതിനുമുള്ള നടപടികളുണ്ടാകുന്നത്

2005-ലാണ്. ഡൽഹിയിലെ കേരള ഗവൺമെന്റ് എംപ്ലോയീസ് കൾച്ചറൽ ആൻഡ് വെൽഫെയർ അസോസിയേഷനും ഡൽഹി പ്രദേശ് മലയാളി കോൺഗ്രസും കേരളസർക്കാരിന് സമർപ്പിച്ച നിവേദനങ്ങളിൽ ഡൽഹിയിലും സമീപപ്രദേശങ്ങ ളിലുമുള്ള മലയാളികളുടെ കുട്ടികൾക്ക് മലയാളം പഠിക്കുന്നതിനുവേണ്ടി മലയാള ഭാഷാ പഠനകേന്ദ്രങ്ങൾ ആരംഭിക്കണമെന്ന് അഭ്യർഥിക്കുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ 2005, നവംബർ 7 ന് ഡൽഹിയിൽ മലയാള ഭാഷാ പഠനകേന്ദ്രം ഉദ്ഘാനം ചെയ്യുകയും ഒരു വർഷത്തിനുള്ളിൽ നൂറു കേന്ദ്രങ്ങളാരംഭിക്കാൻ ലക്ഷ്യമിടുകയും ചെയ്തു.

മലയാളഭാഷാപഠനകേന്ദ്രങ്ങളുടെ ലക്ഷ്യങ്ങൾ ഇവയായിരുന്നു.

1. ഡൽഹിയിലും സമീപപ്രദേശങ്ങളിലുമുള്ള മലയാളികളുടെ കുട്ടികൾക്ക് മലയാളഭാഷ പഠിക്കാനും കേരള സംസ്കാരം പരിചയിക്കാനും സൗകര്യമൊരുക്കുക.
2. മലയാള ഭാഷ തെറ്റുകൂടാതെ പറയാനും എഴുതാനും വായിക്കാനും പരിശീലിപ്പിക്കുക
3. കുട്ടികളുടെ വ്യക്തിത്വവികസനത്തിന് മലയാള ഭാഷാ പഠനം പ്രയോജനപ്പെടുത്തുക
4. കേരളത്തിന്റെ പ്രതിഭകളുമായി ആശയവിനിമയം നടത്താൻ സന്ദർഭമുണ്ടാക്കുക.
5. കുട്ടികളുടെ സർഗവാസനകൾ പോഷിപ്പിക്കുക, അവ മലയാള ഭാഷയിലൂടെ പ്രകാശിപ്പിക്കുന്ന തിന് കഴിവുണ്ടാക്കുക.
6. മലയാളഭാഷാസാഹിത്യങ്ങളുടെ ഉദ്ഭവ- വികാസ-പരിണാമങ്ങൾ പരിചയപ്പെടുത്തുക.
7. ആധുനികസാങ്കേതികവിദ്യയുമായി മലയാള ഭാഷയെ കൂട്ടിയിണക്കുന്നതിനുള്ള നേട്ടങ്ങൾ പഠിപ്പിക്കുക.
8. കേരളത്തിലെ ചരിത്രസ്മാരകങ്ങളും സാംസ്കാരിക കേന്ദ്രങ്ങളും മറ്റും പരിചയപ്പെടാൻ സൗകര്യം നൽകുക.

മലയാള ഭാഷാ പഠനത്തിനുവേണ്ടി ഒരുവർഷം വീതം ദൈർഘ്യമുള്ള മൂന്നു കോഴ്സുകളും ആരംഭിച്ചു. ഈ പ്രവർത്തനങ്ങളാണ് പിന്നീട് മലയാളം മിഷന്റെ രൂപ വൽക്കരണത്തിന് കാരണമായത്.

## മലയാളം മിഷൻ

ലോകമെമ്പാടും വ്യാപിച്ചുകിടക്കുന്ന പ്രവാസി മലയാളികളുടെ പുതുതലമുറയെ മാതൃ ഭാഷയും സംസ്കാരവും പഠിപ്പിക്കുന്ന തിനുള്ള കേരളസർക്കാരിന്റെ പ്രത്യേക ദൗത്യമാണ് മലയാളംമിഷൻ. 'മലയാളം മിഷൻ' എന്ന സ്വയം ഭരണസ്ഥാപനം സ്ഥാപിക്കുന്നതിനുള്ള സാധ്യത കളാരായാൻ കേരളസർക്കാർ തീരുമാനിച്ചത് 2008-ലാണ്. ഇതു സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ പ്രൊഫ.ഒ.എൻ.വി.കുറുപ്പിന്റെ അധ്യക്ഷതയിൽ ഒരു സമിതിയെ നിയോഗിച്ചു. സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ അധ്യക്ഷതയിലുള്ള ഭരണസമിതിയുടെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന 'മലയാളം മിഷൻ' നിലവിൽവന്നു. 2009 ഒക്ടോബർ 22 ന് മുഖ്യമന്ത്രി വി.എസ്. അച്യുതാനന്ദൻ ഡൽഹി യിൽ നടന്ന വിപുലമായ ചടങ്ങിൽ മലയാളം മിഷൻ ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. തുടർന്ന് മാതൃ ഭാഷാപഠനത്തിന് ആവശ്യമായ പാഠ്യപദ്ധതിയും പാഠപുസ്തകങ്ങളും കൈപ്പുസ്തകങ്ങളും തയാറാക്കി. 'എവിടെയെല്ലാം മലയാളി, അവിടെയെല്ലാം മലയാളം' എന്ന മുദ്രാവാക്യം സഫലമാക്കുന്നതിനുള്ള മലയാളം മിഷന്റെ പ്രവർത്തനങ്ങൾ മാതൃകാപരമാണ്. ഈ ഉദ്യമം ഇന്ന് ലോകമെമ്പാടുമുള്ള 60 രാജ്യങ്ങളിലും ഇന്ത്യയ്ക്കകത്ത് 24 സംസ്ഥാനങ്ങളിലുമായി ആകെ 84 ചാപ്റ്ററുകളിലേക്ക് പ്രവർത്തനം വ്യാപിപ്പിച്ചു.

കണിക്കൊന്ന, സൂര്യകാന്തി, ആമ്പൽ, നീലക്കുറിഞ്ഞി എന്നിങ്ങനെ നാലു കോഴ്സുകളിലായി 10 വർഷം കൊണ്ട് പൂർത്തിയാവുന്ന തരത്തിലാണ് മാതൃഭാഷാ പഠനം വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽ സീനിയർ ഹയർ ഡിപ്ലോമ കോഴ്സായ നീലക്കുറിഞ്ഞിയെ കേരള പൊതുവിദ്യാഭ്യാസത്തിലെ പത്താംക്ലാസ് മലയാളത്തിനു തുല്യമാക്കിക്കൊണ്ട് 2019 ഡിസംബർ 23 ന് കേരളസർക്കാർ ഉത്തരവു പുറപ്പെടുവിച്ചു. ഒപ്പം മലയാള ഭാഷാ തുല്യത കോഴ്സായി നീലക്കുറിഞ്ഞിയെ പി.എസ്.സി.യും അംഗീകരിച്ചു. ഇതുരണ്ടും മലയാളം മിഷൻ ചരിത്ര ത്തിലെ നാഴികക്കല്ലുകളാണ്. മാതൃഭാഷയും സംസ്കാരവും പ്രചരിപ്പിക്കുന്നതിനായി മലയാളം മിഷൻ പാഠ്യപദ്ധതിക്കു പുറമെ വിവിധ പദ്ധതികളും ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. ചാപ്റ്ററുകൾക്കുള്ളിൽ മേഖലകൾ, മേഖലകൾക്കുള്ളിൽ പഠനകേന്ദ്രങ്ങൾ എന്നതാണ് മലയാളം മിഷന്റെ പ്രവർത്തന ഘടന.

### മലയാളം മിഷൻ പ്രൊജക്റ്റുകൾ

പാഠ്യപദ്ധതിക്കു പുറമെ ലോകമെമ്പാടും മലയാള ഭാഷയും സംസ്കാരവും വ്യാപിപ്പിക്കുന്നതിനായി മലയാളം മിഷൻ നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. റേഡിയോ മലയാളം ഓൺലൈൻ റേഡിയോ, ഭൂമി മലയാളം മുഖമാസിക, സുവനീർഷോപ്പ്, ബി.എം.ഒ.ഒ.സി., പൂക്കാലം വെബ് മാഗസിൻ എന്നിവ പ്രധാനപ്പെട്ട പദ്ധതികളാണ്.

### റേഡിയോ മലയാളം ഓൺലൈൻ റേഡിയോ

ആഗോള പ്രവാസ സമൂഹത്തിനിടയിൽ മലയാള ഭാഷയും സാഹിത്യവും സംസ്കാരവും പ്രചരിപ്പിക്കുക, മലയാളം മിഷൻ പഠനകേന്ദ്രങ്ങളിൽ പഠന പ്രവർത്തനങ്ങളുടെ ഭാഗമായി ഉപയോഗിക്കുക എന്നീ ലക്ഷ്യങ്ങളുമായി ആരംഭിച്ച പദ്ധതിയാണ് റേഡിയോ മലയാളം. സർക്കാർ നിയന്ത്രണത്തിലുള്ള ഇന്ത്യയിലെ ആദ്യത്തെ ഓൺലൈൻ പ്രാദേശിക ഭാഷാ റേഡിയോയാണിത്. 2019 ഫെബ്രുവരി 21 ന് മുഖ്യമന്ത്രി പിണറായി വിജയനാണ് ഉദ്ഘാടനം ചെയ്തത്. 24 മണിക്കൂറും പരിപാടികൾ പ്രക്ഷേപണം ചെയ്യുന്നുണ്ട്.

### പ്രധാന പരിപാടികൾ

| | |
|---|---|
| സസ്നേഹം റേഡിയോ മലയാളം | മലയാളംമിഷൻ കുടുംബാംഗങ്ങളുടെ ഹൃദയ സല്ലാപം. |
| കിളിവാതിൽ | മലയാളം മിഷൻ പഠിതാക്കളുടെയും അധ്യാപകരുടെയും രക്ഷിതാക്കളുടെയും സൃഷ്ടികൾ |
| കുട്ടിറേഡിയോ | കുട്ടികൾക്ക് പ്രചോദനം പകരുന്ന കഥകൾ, കവിതകൾ, മഹാന്മാരുടെ ജീവിതം പ്രത്യേക ഭാഷാപഠനപ്രക്ഷേപണം |
| മിഷൻ ചാപ്റ്റർ | ഓരോ ചാപ്റ്ററുകളുടെയും ചരിത്രം വ്യക്തമാക്കുന്ന പ്രത്യേക പരിപാടി |
| എന്റെ പ്രവാസം | പ്രവാസ മേഖലയിലെ എഴുത്തുകാരുടെയും മലയാളം മിഷൻ പ്രവർത്തകരുടെയും പ്രവാസ അനുഭവം (സ്പോൺസർഷിപ്പ് - നോർക്ക) |
| പായ്ക്കപ്പൽ | പ്രവാസ സാഹിത്യയിടം |
| സാഹിത്യോത്സവം | മലയാള സാഹിത്യത്തിലെ പുതുകഥകളും കവിതകളും ലേഖനങ്ങളും |
| ഓഡിയോ ബുക്ക് | പ്രശസ്ത കൃതികളുടെ ഓഡിയോ ആവിഷ്ക്കാരം |
| ആ വരികൾ | ഗാനരചയിതാക്കളും അവരുടെ വരികളും പ്രമേയമാകുന്ന ആർജെ പരിപാടി |
| കഥോത്സവം | കഥാകൃത്തുക്കൾ കഥകൾ അവതരിപ്പിക്കുന്ന പരിപാടി |
| എഴുത്തുമുറി | പ്രശസ്ത എഴുത്തുകാരുമായുള്ള അഭിമുഖം |
| പയമേ പണലി | ഗോത്രഭാഷയിലെ കവികളെയും കലാകാരന്മാരെയും പരിചയപ്പെടുത്തുന്ന പരിപാടി |
| മനസ്സുതുറന്ന് | സമൂഹത്തിലെ വിവിധ തുറകളിലെ പ്രചോദിപ്പിക്കുന്ന വ്യക്തിത്വങ്ങളെ പരിചയപ്പെടുത്തുന്ന പരിപാടി |
| തിരക്കഥയുടെ കഥ | മലയാളസിനിമയിലെ തിരക്കഥാകൃത്തുക്കളെ പരിചയപ്പെടുത്തുന്ന പരിപാടി |
| സമം ഷി റേഡിയോ | സ്ത്രീനാടകങ്ങൾ, പെൺകഥോത്സവം, അഭിമുഖ പരിപാടികൾ |
| വിവർത്തന കഥോത്സവം | ഇതരഭാഷകളിലെ സാഹിത്യത്തെ പരിചയപ്പെടുത്തുന്നു |

### മലയാൺമ പുരസ്കാരങ്ങൾ

മലയാളഭാഷയുടെ വികാസത്തിനും പ്രചാരണത്തിനുമായി മലയാളം മിഷൻ നിരവധി പുരസ്കാരങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. ഭാഷാപ്രതിഭാ പുരസ്കാരം, സുഗതാഞ്ജലി പ്രവാസി പുരസ്കാരം, കണിക്കൊന്ന പുരസ്കാരം, ബോധി അധ്യാപകപുരസ്കാരം, ഭാഷാമയൂരം പുരസ്കാരം എന്നിവയാണവ. മലയാളം മിഷന്റെ ലോക മാതൃഭാഷാ ദിനാഘോഷത്തിൽവച്ചാണ് ഈ പുരസ്കാരങ്ങൾ സമ്മാനിക്കുന്നത്.

### മലയാളഭാഷാപ്രതിഭാ പുരസ്കാരം

മലയാളം മിഷൻ ഏർപ്പെടുത്തിയ പ്രഥമ പുരസ്കാരം. മലയാള ഭാഷയെ സാങ്കേതികവിദ്യാ സൗഹൃദമാക്കുന്നതിന്റെ മികവിനാണ് ഈ പുരസ്കാരം നൽകുന്നത്.

### സുഗതാഞ്ജലി പ്രവാസി പുരസ്കാരം

മലയാളം മിഷൻ ഭരണസമിതി അംഗമായിരുന്ന സുഗതകുമാരി ടീച്ചറുടെ അനുസ്മരണാർഥം ഏർപ്പെടുത്തിയ പുരസ്കാരം. മികച്ച പ്രവാസി മലയാളി സംഘടനയ്ക്കാണ് പുരസ്കാരം നൽകുന്നത്. ഒരു ലക്ഷം രൂപയും ഫലകവുമടങ്ങിയതാണ് പുരസ്കാരം.

### കണിക്കൊന്ന പുരസ്കാരം

ലോകമെമ്പാടും വ്യാപിച്ചുകിടക്കുന്ന മലയാളംമിഷൻ ചാപ്റ്ററുകളിൽനിന്നുമുള്ള മികച്ച ചാപ്റ്ററിനാണ് ഓരോ വർഷവും ഈ പുരസ്കാരം നൽകുന്നത്. ഒരു ലക്ഷം രൂപയും ഫലകവുമടങ്ങിയതാണ് പുരസ്കാരം.

### ഭാഷാമയൂരംപുരസ്കാരം

ചാപ്റ്ററിലെ ഏറ്റവും മികച്ച ഭാഷാപ്രവർത്തകന് നൽകുന്ന പുരസ്കാരം. 2023 മുതലാണ് ഈ അവാർഡ് നൽകിത്തുടങ്ങിയത്. ഇന്ത്യ, വിദേശം എന്നീ രണ്ടു വിഭാഗങ്ങളിലായാണ് അവാർഡ്.

### ബോധി അധ്യാപകപുരസ്കാരം

മലയാളംമിഷനിലെ മികച്ച അധ്യാപകർക്ക് നൽകുന്ന പുരസ്കാരമാണിത്. മലയാൺമ 2023 മുതലാണ് ഈ അവാർഡ് ഏർപ്പെടുത്തിയത്. ഇന്ത്യ, വിദേശം എന്നിങ്ങനെ രണ്ടു വിഭാഗങ്ങളിലായാണ് അവാർഡ് പരിഗണിക്കുന്നത്.

### സുഗതാഞ്ജലി ആഗോള കാവ്യാലാപന മത്സരം

സുഗതകുമാരി ടീച്ചറുടെ അനുസ്മരണാർഥം എല്ലാ വർഷവും ആഗോളാടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്ന സുഗതാഞ്ജലി ആഗോള കാവ്യാലാപന മത്സരം ഓരോ വർഷവും മലയാളത്തിലെ ഒരു കവിയുടെ കവിതകൾ എന്ന അടിസ്ഥാനത്തിലാണ് നടത്തുന്നത്. ആദ്യ സുഗതാഞ്ജലിയിൽ സുഗതകുമാരി ടീച്ചറുടെ കവിതകളാണ് മത്സരത്തിനായി തിരഞ്ഞെടുത്തത്. രണ്ടാമത്തെ സുഗതാഞ്ജലിയിൽ മഹാകവി കുമാരനാശാന്റെ കവിതകളാണ് തിരഞ്ഞെടുത്തത്.

### പൂക്കാലം വെബ് മാസിക

മലയാളം മിഷൻ പഠിതാക്കൾക്കായി വിഭാവനം ചെയ്ത പദ്ധതിയാണ് പൂക്കാലം വെബ് മാഗസിൻ. ലോകത്തിന്റെ വിവിധ ഭാഗങ്ങളിലായി ചിതറിക്കിടക്കുന്ന പ്രവാസികളായ പഠിതാക്കൾക്ക് എളുപ്പത്തിൽ പാഠ്യപദ്ധതിയുമായി ബന്ധപ്പെട്ട ഉള്ളടക്കങ്ങൾ എത്തിക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2012 ഏപ്രിൽ മാസത്തിലാണ് ആദ്യ ലക്കം പ്രസിദ്ധീകരിക്കുന്നത്.

### പൂക്കാലം വെബ് മാഗസിൻ

കഥകൾ, കവിതകൾ, മലയാളഭാഷയും സംസ്കാരവുമായി ബന്ധപ്പെട്ട ലേഖനങ്ങൾ, മലയാളം മിഷൻ കോഴ്സുകളായ കണിക്കൊന്ന, സൂര്യകാന്തി, ആമ്പൽ, നീലക്കുറിഞ്ഞി എന്നിവയിലെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഉള്ളടക്കങ്ങൾ, വീഡിയോകൾ, ഓഡിയോ, അനിമേഷൻ എന്നിങ്ങനെ വൈവിധ്യമാർന്ന ഉള്ളടക്കങ്ങളോടെയാണ് വെബ് മാസിക പ്രസിദ്ധീകരിക്കുന്നത്. ബാലസാഹിത്യ രംഗത്തെ പ്രമുഖരായ എഴുത്തുകാരുടെ രചനകൾ പൊതുവായനയ്ക്കുള്ള വിഭവമായി പ്രസിദ്ധീകരിച്ചുവരുന്നു.

മധുരം പഠനം എന്ന വിഭാഗത്തിൽ മലയാളംമിഷൻ കോഴ്സുകളായ കണിക്കൊന്ന, സൂര്യകാന്തി, ആമ്പൽ, നീലക്കുറിഞ്ഞി എന്നിവയിലെ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഉള്ളടക്കങ്ങൾ പ്രസിദ്ധീകരിച്ചുവരുന്നു. പഠനകേന്ദ്രങ്ങളിൽ പ്രസ്തുത രചനകൾ കുട്ടികൾക്ക് വായിക്കുവാൻ/കാണാൻ/കേൾക്കാൻ അവസരം ഉണ്ടാക്കുകയും അതിനെക്കുറിച്ചുള്ള അവരുടെ വിലയിരുത്തലുകൾ അവതരിപ്പിക്കുകയും ചെയ്യും. പാഠാനുബന്ധ പ്രവർത്തനമെന്ന നിലയിൽ കുട്ടികൾക്ക് പൂക്കാലത്തിലേക്ക് രചനകളെക്കുറിച്ചുള്ള അവരുടെ അഭിപ്രായങ്ങൾ കത്തുകളായി അയയ്ക്കാനും അവസരമൊരുക്കുന്നു. പഠനോത്സവത്തിന്റെ ഭാഗമായി നടക്കുന്ന വിലയിരുത്തൽ പ്രക്രിയയിൽ പൂക്കാലത്തിലുള്ള കുട്ടികളുടെ പങ്കാളിത്തം പ്രധാനമാണ്. ആന്തരിക മൂല്യനിർണ്ണയത്തിനുള്ള 20 മാർക്ക് നിർണ്ണയിക്കുന്നത് പൂക്കാലത്തിലുള്ള കുട്ടികളുടെ പങ്കാളിത്തംകൂടി കണക്കിലെടുത്തായിരിക്കും.

സാഹിത്യം/പാടവം വിഭാഗങ്ങളിൽ കഥ, കവിത, ഓർമ്മക്കുറിപ്പുകൾ, ചിത്രകഥ എന്നിവ പ്രസിദ്ധീകരിച്ചുവരുന്നു. കൂടാതെ ബാലസാഹിത്യ രംഗത്തെ പ്രമുഖരുടെ രചനകൾ, മലയാളം മിഷൻ പഠിതാക്കളുടെയും അധ്യാപകരുടെയും രചനകൾ എന്നിവയാണ് ഈ വിഭാഗത്തിൽ പ്രസിദ്ധീകരിച്ചുവരുന്നത്. പ്രവാസലോകത്ത് കുട്ടികൾക്ക് തങ്ങളുടെ

സർഗാത്മക രചനകൾ പ്രസിദ്ധീകരിക്കാനുള്ള ഇടം എന്ന നിലയിൽ പൂക്കാലം പ്രയോജനപ്പെടുന്നു.

വീഡിയോ, ഓഡിയോ വിഭാഗങ്ങളിൽ പാഠഭാഗങ്ങ ളുമായി ബന്ധപ്പെട്ട വീഡിയോകൾ, അനിമേഷനുകൾ എന്നിവയാണ് പ്രധാനമായും ഉൾപ്പെടുത്തിയിരിക്കുന്നത്. കൂടാതെ അധ്യാപകർക്കുള്ള സഹായി എന്ന നിലയിൽ വിവിധ കോഴ്സുകളുമായി ബന്ധപ്പെട്ട മാതൃകാക്ലാസുകൾ അപ്‌ലോഡ് ചെയ്തിട്ടുണ്ട്. നീലക്കുറിഞ്ഞി കോഴ്സുമായി ബന്ധപ്പെട്ട് കുട്ടികളെ പരീക്ഷയ്ക്ക് തയ്യാറെടുക്കാൻ സഹായിക്കുക എന്ന ലക്ഷ്യത്തോടുകൂടി എട്ടു വീഡിയോ ക്ലാസുകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പ്രശസ്തരുടെ കവിതകൾ ആലാപനം ചെയ്തുകൊണ്ടുള്ള ഓഡിയോ ഉള്ളടക്കങ്ങൾ റേഡിയോ മലയാളത്തിൽ പ്രക്ഷേപണം ചെയ്യുന്ന സാഹിത്യസംബന്ധിയായ പ്രോഗ്രാമുകൾ എന്നിവയാണ് ഓഡിയോ വിഭാഗത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

**ഭൂമിമലയാളം മുഖമാസിക**

മലയാളം മിഷന്റെ മുഖമാസിക. കേരളത്തിലെ സാംസ് കാരികരംഗത്തെ പ്രമുഖരുടെ രചനകളും മലയാളം മിഷൻ ചാപ്റ്ററുകൾക്കുള്ളിലെ അധ്യാപകരുടെയും വിദ്യാർഥികളുടെയും മറ്റു ഭാരവാഹികളുടെയും രചന കളും മിഷൻ വാർത്തകളുമാണ് ഭൂമിമലയാളത്തിന്റെ ഉള്ളടക്കം.

ഭൂമിമലയാളം മുഖമാസിക രൂപത്തിൽ പുറത്തിറങ്ങി യത് 2022 മെയ് മാസത്തിലാണ്. മുഖ്യമന്ത്രി പിണറായി വിജയൻ അദ്ദേഹത്തിന്റെ ചേംബറിൽ വച്ചാണ് ആദ്യ പ്രതി പ്രകാശനം ചെയ്തത്.

മാസിക രൂപത്തിലാക്കുന്നതിന് മുൻപ് ടാബ്ലോയ്ഡ് വലുപ്പത്തിലുള്ള മുഖപത്രം എന്ന നിലയിലാണ് ഭൂമി മലയാളം പുറത്തിറങ്ങിയിരുന്നത്. 2019 ജനുവരി 1 നാണ് ഭൂമിമലയാളം മുഖപത്രത്തിന്റെ ആദ്യ ലക്കം പുറത്തിറങ്ങുന്നത്. മലയാളം മിഷൻ വാർത്തകളും ചാപ്റ്ററുകളിൽനിന്നുള്ള ചില രചനകളും ഉൾപ്പെടുത്തി നാലു പേജിൽ ആരംഭിച്ച മുഖപത്രം പിന്നീട് പരിഷ്കരിച്ച് മലയാള ഭാഷയും സംസ്കാരവും സാഹിത്യവുമായി ബന്ധപ്പെട്ട വിവിധ പംക്തികളും ഉൾപ്പെടുത്തി 20 പേജുകളായി ഉയർത്തിയിരുന്നു. സൂക്ഷിച്ചുവയ്ക്കാനുള്ള സാധ്യതകൾ പരിശോധിച്ചും ചാപ്റ്ററുകളിലെ മലയാളം പഠിതാക്കൾക്കും പ്രവർത്തകർക്കും കേരളത്തിലെ പ്രമുഖ സാഹിത്യ കാരെയും നവീന ആശയങ്ങളെയും പരിചയപ്പെടു ത്തുക എന്ന ലക്ഷ്യം മുൻനിർത്തിയുമാണ് മുഖപത്രത്തെ പുതിയ ഉള്ളടക്കങ്ങൾ ചേർത്ത് 52 പേജുള്ള മുഖമാസിക രൂപത്തിലാക്കിയത്. മുഖമാസിക അച്ചടിച്ച് ഇന്ത്യയ്ക്കുള്ളിലുള്ള മലയാളം മിഷൻ ചാപ്റ്ററുകൾക്ക് തപാൽ വഴി സൗജന്യമായി വിതരണം ചെയ്തുവരുന്നു. ഇന്ത്യയ്ക്കുപുറത്തെ ചാപ്റ്ററുകൾക്കും പ്രധാനപ്പെട്ട മലയാളി സംഘടനകൾക്കും ഓൺലൈന ായി എത്തിച്ചുനൽകുന്നു. കൂടാതെ കേരളത്തിലെ പ്രമുഖ സാംസ്കാരികസ്ഥാപനങ്ങളിലേക്കും മുഖമാസികയുടെ അച്ചടിച്ച കോപ്പി സൗജന്യമായി എത്തിക്കുന്നു. ഓരോ ലക്കവും കേരളത്തിലെ പ്രധാന പ്പെട്ട ഒരു സാഹിത്യകാരനെ പരിചയപ്പെടുത്തുക എന്ന നിലയിലാണ് വിഭാവനം ചെയ്തിരിക്കുന്നത്.

**പ്രധാന ഉള്ളടക്കം**

**പൊതുവായന**

കേരളത്തിലെ പ്രധാനപ്പെട്ട എഴുത്തുകാരുടെ രചനകൾ.

**എഴുത്തുപുര**

ചാപ്റ്ററുകൾക്കുള്ളിലെ മുതിർന്നവരുടെ സൃഷ്ടികൾ

**ചാറ്റൽമഴ**

മലയാളം മിഷൻ പഠിതാക്കൾ ഉൾപ്പെടെയുള്ള കുട്ടികളുടെ രചനകൾ.

**പംക്തികൾ**

സാഹിത്യസഞ്ചാരം - മൺമറഞ്ഞ പ്രശസ്തരായ സാഹിത്യകാരെ പരിചയപ്പെടുത്തി അവരുടെ സ്മാരകങ്ങളിലേക്ക് വായനക്കാരെ കൂട്ടിക്കൊണ്ടു പോകുന്നു.

**സിനിമാക്കഥ**

ദേശീയ അന്തർദേശീയ തലങ്ങളിലുള്ള ശ്രദ്ധേയമായ സിനിമകളുടെ ആസ്വാദനം.

**പുസ്തകപരിചയം**

ഒരു ലക്കം ഒരു പുസ്തകം എന്ന നിലയിൽ പുസ്ത കങ്ങളെ വായനക്കാർക്ക് പരിചയപ്പെടുത്തുന്നു.

**വാർത്തകൾ**

മലയാളം മിഷൻ വാർത്തകൾ

**സുവനീർ ഷോപ്പ്**

ഭാഷയും സംസ്കാരവും വാമൊഴിയായും വരമൊഴി യായും മാത്രമല്ല, മുദ്രകളിലൂടെയും വിനിമയം ചെയ്യപ്പെടും എന്ന ആശയമാണ് മലയാളം മിഷന്റെ സുവനീർഷോപ്പിനു പിന്നിൽ. 2019 ജൂൺ 19 ന് മുഖ്യമന്ത്രി പിണറായി വിജയൻ സുവനീർഷോപ്പ്

ഉദ്ഘാടനം ചെയ്തു. മലയാളകവിതകൾ, പഴഞ്ചൊല്ലുകൾ, ഉദ്ധരണികൾ, അക്ഷരങ്ങൾ എന്നിവ മനോഹരമായ കാലിഗ്രാഫിയിൽ ആലേഖനം ചെയ്താണ് സുവനീർ ഉൽപ്പന്നങ്ങൾ തയാറാക്കുന്നത്. ടീഷർട്ടുകൾ, കോഫി മഗുകൾ, കേരള സാരി, ജൂട്ട്-വയോള സൈഡ് ബാഗുകൾ, മുണ്ടുകൾ, മാസ്കുകൾ, ബുക്ക്മാർക്ക് എന്നിവയാണ് സുവനീർ ഷോപ്പിലെ പ്രധാന ഇനങ്ങൾ. 24-ാമത് ഐ.എഫ്.എഫ്.കെ.യിലാണ് ആദ്യ സുവനീർഷോപ്പ് ഒരുങ്ങിയത്. മൂന്നു വർഷംകൊണ്ട് തലസ്ഥാനനഗരിയിലെ സാംസ്കാരിക ഉത്സവങ്ങളിലെ നിറസാന്നിധ്യമായി സുവനീർ ഷോപ്പ് മാറിക്കഴിഞ്ഞു.

സുവനീർ ഷോപ്പിലെ ഏറ്റവും പുതിയ ഉൽപ്പന്നമാണ് ഫെസ്റ്റീവ് കളക്ഷൻസ്. ഓണം, വിഷുപോലുള്ള മലയാളികളുടെ സാംസ്കാരിക ഉത്സവങ്ങളെ മുദ്രകളാക്കിയാണ് ഫെസ്റ്റീവ് ഉൽപ്പന്നങ്ങൾ തയാറാക്കുന്നത്. പൂക്കളം, ഊഞ്ഞാൽ, വള്ളംകളി, കണിക്കൊന്ന തുടങ്ങിയവയാണ് ഫെസ്റ്റീവ് കളക്ഷൻസിലെ പ്രധാന മുദ്രകൾ. കേരളത്തിലും ഇന്ത്യയിലും മാത്രമല്ല, വിദേശത്തും മലയാളം മിഷന്റെ ഭാഷാ സുവനീറുകൾക്ക് ആവശ്യക്കാർ ഏറെയാണ്.

### ബി.എം.ഒ.ഒ.സി.

ഭൂമിമലയാളം ഓപ്പൺ ഓൺലൈൻ കോഴ്സ് മലയാളം പഠിക്കാൻ ആഗ്രഹിക്കുന്ന ആർക്കും എവിടെയിരുന്നും ഭാഷ പഠിക്കാനുള്ള അവസരം സൃഷ്ടിക്കുകയാണ് ഭൂമിമലയാളം ഓപ്പൺ ഓൺലൈൻ കോഴ്സിന്റെ ലക്ഷ്യം. മലയാളത്തിലെ ആദ്യത്തെ ആധികാരിക ഓൺലൈൻ ഭാഷാപഠന കോഴ്സാണിത്. കേരള സർക്കാരിന്റെ ഇ-ഗവേണൻസ് അവാർഡ് ഇ-ലേണിങ് വിഭാഗത്തിലുള്ള പുരസ്കാരം ലഭിച്ച പദ്ധതിയാണ് ഭൂമിമലയാളം ഓപ്പൺ ഓൺലൈൻ കോഴ്സ് (ബി.എം.ഒ.ഒ.സി.). കേരളത്തിനകത്തും പുറത്തും ജീവിക്കുന്ന മലയാളം അറിയാത്ത ധാരാളം മലയാളികളുണ്ട്. കൂടാതെ തൊഴിൽ തേടി കേരളത്തിലെത്തുന്ന ലക്ഷക്കണക്കിന് അതിഥി തൊഴിലാളികളുമുണ്ട്. മലയാളംമിഷന്റെ നിലവിലെ പാഠ്യപദ്ധതി ക്ലാസ്സ് റൂം പ്രവർത്തനം അടിസ്ഥാനമാക്കിയാണ് ആവിഷ്കരിച്ചിരിക്കുന്നത്. ആ പാഠ്യപദ്ധതി പഠിക്കാൻ പ്രായോഗികമായി സാധ്യമല്ലാത്തവർക്കാണ് ഭാഷാ സാങ്കേതിക വിദ്യയുടെയും ആധുനിക വിവരവിജ്ഞാനത്തിന്റെയും സഹായത്തോടെ ഭൂമിമലയാളം ഓപ്പൺ ഓൺലൈൻ കോഴ്സ് തയാറാക്കിയിട്ടുള്ളത്. 2021 ഫെബ്രുവരി 21 ന് അന്നത്തെ സാംസ്കാരികകാര്യ മന്ത്രി ശ്രീ. എ.കെ. ബാലനാണ് ബി.എം.ഒ.ഒ.സി.യുടെ ഉദ്ഘാടനം നിർവഹിച്ചത്. നിലവിൽ പത്ത് മൊഡ്യൂളുകൾ bhoomimalayalam.kerala.gov.in എന്ന പോർട്ടലിലും ആൻഡ്രോയ്ഡ് മൊബൈൽ ആപ്ലിക്കേഷൻ വഴിയും ലഭ്യമാക്കിയിട്ടുണ്ട്. പഠിതാക്കൾക്ക് യൂസർ ഐ.ഡി.യും പാസ്വേർഡും ഉപയോഗിച്ച് ലോഗിൻ ചെയ്ത് പഠനം നടത്താനാവും. ആകെ 30 മൊഡ്യൂളുകളുള്ള കോഴ്സാണ് വിഭാവനം ചെയ്തിരിക്കുന്നത്. വീഡിയോ, അതിനോട് അനുബന്ധമായ പ്രവർത്തനങ്ങൾ, കവിത, പദസഞ്ചയം, പാട്ടുകൾ, കഥകൾ എന്നിവയിലൂടെയാണ് ഭാഷാ പഠനം സാധ്യമാക്കിയിരിക്കുന്നത്. കേട്ടു മനസിലാക്കുക എന്ന പഠനലക്ഷ്യം കൈവരിക്കുകയാണ് ആദ്യ 10 മൊഡ്യൂളു കളിലൂടെ ലക്ഷ്യമിടുന്നത്. തുടർന്നുള്ള 20 മൊഡ്യൂളുകളിലൂടെ എഴുത്ത്, വായന, ആശയവിനിമയം നടത്താനുള്ള കഴിവ് എന്നിവ പഠിതാവ് ആർജിക്കും.

### ബോധി അധ്യാപക പരിശീലനം

ലോകമെമ്പാടുമുള്ള മലയാളംമിഷൻ അധ്യാപകർക്കായി പരിശീലനം നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് ബോധി.

### അനന്യമലയാളം

ഭാരതത്തിന്റെ വിവിധ ദേശങ്ങളിൽനിന്ന് ജീവനോപാധിക്കായി തൊഴിൽതേടി കേരളത്തിലെത്തിയ അതിഥി സഹോദരങ്ങളെ മലയാളഭാഷയിൽ സമ്പൂർണ്ണ സാക്ഷരരാക്കുക എന്ന ചരിത്രദൗത്യം സാർഥമാക്കുകയാണ് മലയാളംമിഷൻ. ഇതിനായി മലയാളംമിഷൻ വിഭാവനം ചെയ്ത സംരംഭമാണ് അനന്യമലയാളം.

### വിശ്വമലയാളം

മാതൃഭാഷയിൽ സമ്പൂർണ്ണ സാക്ഷരത നേടുന്ന ആദ്യ പ്രവാസിസമൂഹമായി മലയാളിയെ മാറ്റുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ച പദ്ധതിയാണിത്.

### മലയാളം ഒരു വർഷം ഒരു ഭാഷയോടൊപ്പം

മലയാളത്തിലെ പ്രശസ്തമായ ഒരു സാഹിത്യകൃതി ഒരു അന്യഭാഷയിലേക്കും ആ അന്യഭാഷയിൽനിന്നുള്ള പ്രശസ്തമായ ഒരു സാഹിത്യകൃതി മലയാളത്തിലേക്കും വിവർത്തനം ചെയ്യുകയാണ് 'മലയാളം ഒരു വർഷം ഒരു ഭാഷയോടൊപ്പം' എന്ന പദ്ധതിയുടെ ലക്ഷ്യം. സാഹിത്യ വിനിമയം എന്ന ആശയം ഇതിലൂടെ നടപ്പാക്കപ്പെടുന്നു. വിവർത്തനത്തിനായി

തിരഞ്ഞെടുക്കുന്ന അന്യഭാഷയിലെ പ്രശസ്ത എഴുത്തുകാരെയും മലയാളത്തിലെ പ്രശസ്ത എഴുത്തുകാരെയും സംഘടിപ്പിക്കുന്ന സാഹിത്യവിനിമയപരിപാടി പദ്ധതിയുടെ ഭാഗമായി നടത്തും.

**കുട്ടിമലയാളം (മലയാളം മിഷൻ ക്ലബ്)**

മലയാളം മിഷന്റെ ഏറ്റവും പുതിയ ആശയമാണ് മിഷൻക്ലബുകൾ. സ്കൂളുകളിൽ പരിസ്ഥിതി ക്ലബ്, സാഹിത്യ ക്ലബ് എന്നീ മാതൃകയിൽ മിഷൻ ക്ലബുകൾ ആരംഭിക്കുകയാണ് പദ്ധതിയുടെ ഉദ്ദേശ്യം. ആദ്യഘട്ടത്തിൽ കേരളത്തിനു പുറത്തുള്ള സ്കൂളുകളിലാണ് ക്ലബുകൾ ആരംഭിക്കുന്നത്.

മലയാളം മിഷൻ ക്ലബുകളുടെ പൈലറ്റ് പദ്ധതിയുടെ ഉദ്ഘാടനം ഷാർജ ഇന്ത്യൻ സ്കൂളിൽ നടന്നു. കൂടാതെ വിദേശങ്ങളിൽ ഷാർജയിലെതന്നെ എമിറേറ്റ്സ് നാഷണൽ സ്കൂളിലും അജ്മാനിലെ ഹാബിറ്റാറ്റ് സ്കൂളിലും അബുദാബിയിലെ മോഡൽ സ്കൂളുകളിലും ക്ലബുകളുടെ പൈലറ്റ് പദ്ധതി ആരംഭിച്ചു. ഇന്ത്യയിൽ തമിഴ്നാട് ചാപ്റ്ററിലെ കന്യാകുമാരി മേഖല മാഞ്ഞാലുംമൂട് അരുണോദയം സ്കൂളിലാണ് പൈലറ്റ് പദ്ധതി ആരംഭിച്ചത്. പൈലറ്റ് പദ്ധതി വിലയിരുത്തിയാവും മലയാളംമിഷൻ ക്ലബുകളുടെ പ്രവർത്തനം വ്യാപിപ്പിക്കുക.

'ദൈവത്തിന്റെ സ്വന്തം നാട് എന്നറിയപ്പെടുന്ന കേരളം വൈദേശികരുടെ സ്വപ്നഭൂമിയാണ്. ഇതിൽ ഭാഷയുടെയും സാഹിത്യത്തിന്റെയും സമ്പന്നതയും സ്വാധീനതയുമുണ്ട്. കേരളത്തിന്റെ സാംസ്കാരിക സമ്പത്തും പ്രകൃതിരമണീയതയും നമ്മുടെ സാഹിത്യത്തിൽ പ്രതിഫലിച്ചിട്ടുണ്ട്. അതേസമയം ഇതരനാടുകൾ പശ്ചാത്തലമായ യാത്രാവിവരണങ്ങളും കഥകളും നോവലുകളും നമുക്കു നൽകിയത് സഞ്ചാരികളും പ്രവാസി എഴുത്തുകാരുമാണ്. കേരളത്തിനു പുറത്തുള്ള നഗരങ്ങളിലിരുന്ന് രചിക്കപ്പെട്ടതും പരക്കെ അംഗീകരിക്കപ്പെട്ടതുമായ കൃതികൾ ധാരാളമുണ്ട്. ഖസാക്കിന്റെ ഇതിഹാസം, മയ്യഴിപ്പുഴയുടെ തീരങ്ങളിൽ എന്നിവ ഒ.വി.വിജയനും മുകുന്ദനും എഴുതിയത് ഡൽഹിയിൽ വച്ചാണ്. സക്കറിയ, കാക്കനാടൻ തുടങ്ങിയവരും ഡൽഹിയിൽ വച്ച് കാവ്യരചന നിർവഹിച്ചിട്ടുള്ളവരാണ്. ആനന്ദ് 'ആൾക്കൂട്ട'മെഴുതിയത് മുംബെയിൽ വച്ചും ബെന്യാമിൻ 'ആടുജീവിത'മെഴുതിയത് ബെഹറിനിൽവച്ചുമാണ്. ഇത്തരം കൃതികളോടൊപ്പം നമ്മുടെ ഭാഷയെ സമ്പന്നമാക്കിയതിൽ ഗുണ്ടർട്ടിനെപ്പോലുള്ള വിദേശികളുടെ പ്രയത്നവുമുണ്ട്. നമ്മുടെ ഇത്തരം ഭാഷാ-സാഹിത്യകൃതികളെല്ലാം ഓൺലൈനിൽ സ്വതന്ത്രപ്രസാധനം നടത്തിയാൽ വിജ്ഞാനവ്യാപനം കൂടുതൽ വേഗത്തിലാക്കാൻ കഴിയും. ഇത്തരം ഗ്രന്ഥങ്ങൾ ഇ-ബുക്കുകളായി പ്രസിദ്ധീകരിച്ചാൽ അവയ്ക്ക് കൂടുതൽ പ്രചാരം ലഭിക്കും. ഇ-വായനയിൽ പുസ്തകം ഇലക്ട്രോണിക് ഫോർമാറ്റിലാണ് ലഭിക്കുന്നത്. നമ്മുടെ ഇഷ്ടാനുസരണം വായനയുടെ രീതി ക്രമീകരിക്കാനും അക്ഷരത്തിന്റെ വലുപ്പം, നിറം തുടങ്ങിയവയിൽ വ്യതിയാനം വരുത്താനും അതിലൂടെ വായന ആയാസരഹിതമാക്കാനും കഴിയും.

മലയാളഭാഷയ്ക്ക് സമഗ്രമായ ഒരു ഓൺലൈൻ മലയാള നിഘണ്ടു തയ്യാറാക്കുന്ന യജ്ഞത്തിലാണ് കേരളസർക്കാർ. മലയാളം ലെക്സിക്കൺ ഓൺലൈനിൽ ലഭ്യമാക്കുന്നതിനുള്ള സാധ്യതകളും പരിശോധിച്ചുവരികയാണ്. കേരളസർക്കാരിന്റെ ഇത്തരം പ്രവർത്തങ്ങളും കേരളസർക്കാരിന്റെ കീഴിൽ പ്രവർത്തിക്കുന്ന മലയാളം മിഷന്റെ പ്രവർത്തനങ്ങളും പുതുതലമുറ പ്രവാസിമലയാളികളിൽ മലയാളഭാഷാ-സാംസ്കാരികവിനിമയം സാധ്യമാക്കുന്നതിന് സഹായകമാകുമെന്ന് പ്രത്യാശിക്കുന്നു.